X. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ഈ സമ്മേളനത്തിലെ പാനൽ ഓഫ് ചെയർമാൻമാരായി സർവ്വശ്രീ സ്റ്റീഫൻ പാദുവ, നാലകത്തു സൂപ്പി, കെ. ഇ. ഇസ്മയിൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുണ്ട്.

XI. വ്യക്തിപരമായ വിശദീകരണം

എം. എൽ. എ. റോഡുകളുടെ കാര്യം

ശ്രീമതി കെ. ആർ. ഗൗരി: സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ എം. എൽ. എ. റോഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിവരിച്ചപ്പോൾ അതിന് മറുപടിയായി ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ സംസാരിക്കവേ ഉദാഹരണമായി 'ഗൗരിയമ്മ പത്രത്തിൽ കൊടുത്തിട്ടുള്ള ഒരു 'റോഡിന്റെ' കാര്യത്തെപ്പറ്റി അദ്ദേഹം പറഞ്ഞു: റോഡിന് സ്ഥലം ഉടമസ്ഥർ അല്ല ഒപ്പിട്ട് അയയ്ക്കുന്നത് ഗൗരിയമ്മയുടെ റോഡിന് സ്ഥലമുടമകൾക്കുപകരം ഗൗരിയമ്മതന്നെ ഒപ്പിട്ടാണ് പേപ്പർ സമർപ്പിച്ചത്, എന്ന്. അതുകൊണ്ടാണ് റോഡുപണി നടക്കാത്തത് എന്നും അദ്ദേഹം പറഞ്ഞു.

ഈ റോഡിന്റെ ചരിത്രം അല്പം പറയാം. കോൺഗ്രസ്സിന്റെ നേതാവായിരുന്ന ഒരു പഞ്ചായത്തു പ്രസിഡന്റുണ്ട്—വി. എ. മുഹമ്മദ്. ആദ്യം ഈ റോഡ് തുടങ്ങുന്നതിന് നിശ്ചയിച്ച സ്ഥലത്തുകൂടി ഇത് തുടങ്ങുന്നതിന് സാധിക്കാതെ വന്നു. പുതിയ സ്ഥലം എടുക്കുന്നതിനു വേണ്ടിയുള്ള നടപടികളും എടുത്തു മുഴുവൻ വസ്തു ഉടമസ്ഥൻമാരെക്കൊണ്ടും ഒപ്പിടുവിച്ച് ആ കടലാസ് വില്ലേജ് ഓഫീസറെക്കൊണ്ട് സർട്ടിഫൈ ചെയ്യിച്ച് ഡിപ്പാർട്ടുമെന്റിനു അയച്ചുകൊടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഉപമുഖ്യമന്ത്രി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും കൊടുത്തു. അത് കഴിഞ്ഞതിനുശേഷം ടെൻഡർ വിളിക്കാൻ വരുന്ന സമയത്ത് കടലാസ് കണ്ടില്ല, അതുകൊണ്ട് അതിന് സമ്മതം കിട്ടിയില്ല എന്ന് എഞ്ചിനീയർ പറഞ്ഞു. ഞാൻ, വല്ലവന്റേയും വസ്തുവൊക്കെ ഒപ്പിട്ടുകൊടുക്കുന്ന ആളാണോ? ടെൻഡർ വിളിക്കാൻ കാലതാമസം വന്നപ്പോൾ എഞ്ചിനീയർ തന്നെ എന്നോട് പറഞ്ഞു, സ്ഥലത്തിന്റെ ഒപ്പിട്ട കടലാസ് കാണുന്നില്ല എന്ന്. എന്നിട്ട് ഞാനും എഞ്ചിനീയറും ഇതിന്റെ പ്രവർത്തകരായി നിൽക്കുന്ന ആളുകളും ഒന്നിച്ചുപോയി വസ്തു ഉടമകളെക്കൊണ്ട് ഒന്നുകൂടി ഒപ്പിടുവിച്ചു. അങ്ങനെ ഒപ്പിട്ടപ്പോൾ കഴിഞ്ഞ പ്രാവശ്യം ഒപ്പിട്ട ഒരു വസ്തു ഉടമസ്ഥൻ, വടക്കേമുറി മൂസ്സ എന്നു പറയുന്ന ഒരു വസ്തു ഉടമസ്ഥൻ അദ്ദേഹത്തിന്റെ സ്ഥലം തരില്ല എന്നു പറഞ്ഞു. തരില്ല എന്നു പറഞ്ഞതുകൊണ്ട് അതിന്റെ നേരെ തെക്കേ വശത്തുകിടക്കുന്ന പുറമ്പോക്കു സ്ഥലത്തുകൂടി റോഡ് വളച്ചെടുത്തു സ്ഥലം നിശ്ചയിച്ച് ഞാനും എഞ്ചിനീയരും, അതിന്റെ പ്രവർത്തകരും കൂടി വില്ലേജാഫീസറെക്കണ്ട് ആ സ്ഥലം സർട്ടിഫൈ ചെയ്തത് അത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തു. അതിന്റെ ഒരു കോപ്പി എനിക്കും തന്നു. എന്തെങ്കിലും തർക്കം വന്നാൽ എം. എൽ. എ. അത് തീർത്തുകൊള്ളും എന്നു പറഞ്ഞുകൊണ്ട് അയാളും ഒരു നോട്ടും അതിന്റെ താഴെ എഴുതി. ഇതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ വിളിച്ചു. ടെൻഡർ വിളിച്ചുകഴിഞ്ഞതിനുശേഷം സംഖ്യ കൂടുതലായതുകൊണ്ട് ചീഫ് എഞ്ചിനീയർ റെക്കമൻറുചെയ്തു ഗവൺമെൻറിലേക്ക് അയച്ചു

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം 'എം.എൽ.എ. റോഡിന് പണം ബാധകമല്ല' എന്നു പറഞ്ഞ ഉപമുഖ്യമന്ത്രി, എഴുതി അയച്ചത് പണം ഉണ്ടോയെന്ന് അന്വേഷിക്കാനാണ്. സ്ഥലം ഉണ്ടോ എന്നല്ല. അതിനുശേഷം ചീഫ് എഞ്ചിനീയർ നോട്ടെഴുതി സ്ഥലം ഉണ്ടോ എന്ന്. ഇതെല്ലാം കഴിഞ്ഞതിനുശേഷം വി.എ.മുഹമ്മദും ഇവരുമെല്ലാം കൂടിയാലോചിച്ചതിനുശേഷം ഇദ്ദേഹം എനിക്കൊരു മറുപടി തന്നു അതാണ് വിചിത്രം. മറുപടി തന്നതിൽ 'ഗൗരിയമ്മ എഞ്ചിനീയറുമായി ചേർന്ന് സ്ഥലം എഴുതിക്കൊടുത്തു എന്നു പറയുന്നത് ശരിയാണ്. 25 പേരുള്ളതിൽ ആറു പേർ ഒപ്പിട്ടിട്ടില്ല' എന്ന്. ഇത് പക്ഷപാതപരമായ ഒരു നടപടിയാണ് എന്നുള്ളതുകൊണ്ട് ഞാനിത് പത്രത്തിന് കൊടുത്തു. പത്രത്തിൽ കൊടുത്തതിൽ അദ്ദേഹം പ്രകോപിച്ചിരിക്കുന്നു. അത് കഴിഞ്ഞതിനുശേഷം ഇവിടെ വന്നു പറയുന്നു 'വസ്തു ഉടമസ്ഥന്റെ പേരിൽ ഗൗരിയമ്മ ഒപ്പിട്ടുകൊടുത്തു' എന്ന്. ഇത് ആക്ഷേപാർഹമാണ്. ഇങ്ങനെ പറഞ്ഞു കൂടാത്തതാണ്. ഞാൻ ഇത് നിഷേധിക്കുന്നു. മുഴുവൻ വസ്തു ഉടമസ്ഥൻമാരും ഒപ്പിട്ടു കൊടുത്തതാണ്. ഇവർക്കിത് നടത്താൻ കഴിയില്ലാഞ്ഞിട്ട് ടെൻഡർ വിളിച്ച് സാങ്ഷൻ കൊടുക്കാതെ വച്ചിരിക്കുന്ന വർക്കാണിത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഗൗരിയമ്മ ഏത്ര വികാരത്തോടെ കാര്യങ്ങൾ ഉന്നയിച്ചാലും യാഥാർത്ഥ്യം യാഥാർത്ഥ്യമല്ലാതാവുകയില്ല. എല്ലാവരും ഒപ്പിട്ടുകൊടുത്തു എന്നു പറയുന്ന ഗൗരിയമ്മ തന്നെ പറയുന്നു ഒരാൾ സ്ഥലം കൊടുക്കാൻ തയ്യാറായില്ല എന്ന്: ഞാൻ പറഞ്ഞത് ആറ് പേർ തയ്യാറായില്ല എന്നാണ്. ഒരാൾ സ്ഥലം കൊടുത്തില്ല എന്ന് ഗൗരിയമ്മ പറഞ്ഞല്ലോ. ഞാൻ പറഞ്ഞു ആറാൾ കൊടുത്തില്ല എന്ന്. ഏത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണോ നിങ്ങൾ ഒപ്പിട്ട് കൊടുത്തത്, ആ എക്സിക്യൂട്ടീവ് എഞ്ചിനീയർ പറയുന്നു ആറാൾ സ്ഥലംതരാൻ തയ്യാറായില്ല എന്ന്. ഗൗരിയമ്മതന്നെ ഇവിടെ സമ്മതിച്ചു ഒരാൾ കൊടുക്കാൻ തയ്യാറായില്ല എന്ന്. ഞാൻ പറഞ്ഞത് ആറാൾ സ്ഥലം കൊടുക്കാൻ തയ്യാറായില്ല എന്നതും ശരിയാണ്. അത്രയേയുള്ളൂ.

XII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ജലസേചനവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി *(ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ നിയമത്തെ സംബന്ധിച്ച് പറയുമ്പോൾ, കോതമംഗലം മുനിസിപ്പാലിറ്റിയെപ്പറ്റി ആദ്യം പറയേണ്ടതുണ്ട്. മുനിസിപ്പാലിറ്റി നിയമം അനുസരിച്ച് ഒരു മുനിസിപ്പാലിറ്റി പുതിയതായി നിലവിൽ വന്നാൽ ആറു മാസത്തിനകം തെരഞ്ഞെടുക്കപ്പെട്ട ബോഡി നിലവിൽ വരണം. അല്ലെങ്കിൽ 96 മാസം. അതിനകം

LIBRARY ARCHIVES Kerala Legislative Assembly